**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2471** | | **07.10.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **മാലിന്യ സംസ്കരണ പദ്ധതികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീമതി.വീണാ ജോർജ്** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നായ മാലിന്യ സംസ്കരണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നം ജനപങ്കാളിത്തത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ആലോചിച്ചു വരുന്നത്. മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കുന്നതിന് ആവശ്യമായ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ വെർമി കമ്പോസ്റ്റിംഗ്/റിംഗ് കമ്പോസ്റ്റിംഗ്/ പൈപ്പ് കമ്പോസ്റ്റ്/ബക്കറ്റ് കമ്പോസ്റ്റ്/കലം കമ്പോസ്റ്റ്/ബയോബിൻ മുതലായ കമ്പോസ്റ്റിംഗ് സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റിനും മുൻതൂക്കം നൽകി നടപ്പിലാക്കി വരുന്നുണ്ട്. നിലവിലുള്ള കേന്ദ്രീകൃത ഖരമാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ കുറ്റമറ്റതാക്കിയുയർത്തുന്നതിനു വേണ്ട പദ്ധതികൾ നിലവിലുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം ഉറവിട മാലിന്യ സംസ്കരണത്തിന് നഗരസഭകൾ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നത്. മാലിന്യങ്ങൾ അവ ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലത്ത് തന്നെ തരംതിരിച്ചെടുക്കുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും സ്ഥാപിക്കുന്നതിനും അജൈവമാലിന്യങ്ങൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേയ്ക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. കൂടാതെ ശുചിത്വം-മാലിന്യ സംസ്ക്കരണ മേഖലയിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | മാലിന്യസംസ്കരണ പ്രശ്നത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനായി ബോധവൽക്കരണവും ആവശ്യമെങ്കിൽ നിയമനിർമ്മാണവും നടത്താൻ | (ബി) | ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ ഹരിതകേരളം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. റസിഡൻസ് അസോസിയോഷനുകളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തം |

| | | | |
|---|---|---|---|
| | തയ്യാറാകുമോ; | | ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ നഗരസഭാതലത്തിൽ തന്നെ ചെയ്തുവരുന്നുണ്ട്. |
| (സി) | പ്ലാസ്റ്റിക് ഉപയോഗ നിയന്ത്രണത്തിനും പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും ഫലപ്രദമായ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങൾ കുറയ്ക്കുന്നതിനായി ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് മുതലായ അജൈവ വസ്തുക്കൾ വൃത്തിയാക്കി ഉറവിടങ്ങളിൽ തന്നെ സൂക്ഷിക്കുന്നതിനും ആയവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ശേഖരിച്ച് പുന:ചംക്രമണത്തിന് കൈമാറുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സംവിധാനവും കൂടാതെ റോഡ് ടാറിങ്ങിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്ന വഴി പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്ന പദ്ധതികളും നടത്തിവരുന്നുണ്ട്.<br>2014 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് 219(w) പ്രകാരം സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടേയും കവറുകളുടേയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ 26 ഗ്രാമ പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നോഡൽ ഏജൻസിയായ ശുചിത്വമിഷൻ മുഖേന പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ